LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് വാഴ ഉൾപ്പെടെ 27 വിളകൾക്ക് 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം നിശ്ചയിച്ചിരിക്കുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകിവന്നിരുന്നത്. അതായു കാലത്ത് കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SRDF-ൽ നിന്ന ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 343/2012/ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കു മായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്രസർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 470/2013/ഡിഎം.ഡി. ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

റബ്ബർ വിലയിടിവ് നേരിടാൻ നടപടി

206 (1576) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) റബ്ബർ വിലയിടിവുമൂലം കഷ്ടത അനുഭവിക്കുന്ന കർഷകരുടെ വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനായി ജി. ഒ. (എംഎസ്.) നമ്പർ 56/14/കൃഷി ഉത്തരവു പ്രകാരം എത്ര ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട് ; റബ്ബർ സംഭരണത്തിനായി ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) റബ്ബർ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായി ക്കുന്നതിന്, വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി. തീയതി, 25-2-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെ ടുത്തിക്കൊണ്ട്, കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷിവകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതയ്ക്ക വേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽത്തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി RSS- 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ (എംഎസ്.) നമ്പർ 232/2014/കൃഷി. തീയതി, 13-10-2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽനിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തര വായിട്ടുണ്ട്. തുടർന്ന് സ.ഉ. (എംഎസ്.) 254/2014/കൃഷി, തീയതി 6-11-2014 പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

പദ്ധതിയുടെ ആരംഭഘട്ടത്തിൽ 138.96 ടൺ റബ്ബറാണ്, മാർക്കറ്റ്ഫെഡും റബ്ബർമാർക്കും സംഭരണം നടത്തിയത്. തുടർന്ന് സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭി ക്കുന്നതിനായി സ.ഉ. (എംഎസ്.) നമ്പർ 176/2014/കൃഷി. തീയതി, 16-8-2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതയ്ക്കവേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ച നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്.)

നമ്പർ 304/2014/കൃഷി. തീയതി, 15-12-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്ന കൈകാര്യതചെലവ് 9 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ.(എംഎസ്.) നമ്പർ 41/2015 തീയതി 11-3-2015 പ്രകാരം കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകിയിട്ടുണ്ട്. 2014 ഡിസംബർവരെ റബ്ബർമാർക്കും മാർക്കറ്റ് ഫെഡും 1227.32 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

പാട്ടകൃഷിക്കാർക്ക് ധനസഹായം

207 (1577) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാട്ടകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പാട്ടകൃഷിക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും ധനസഹായവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2015-16-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്നതിന് അനുയോജ്യമായ ഒരു ഹെക്ടർ സ്ഥലത്ത് പാട്ടത്തിന് ഭൂമി എടുത്ത് കൃഷിചെയ്യുന്ന ആളിന് 25,000 രൂപ ധനസഹായവും ഭൂവുടമയ്ക്ക് ഹെക്ടറിന് 5,000 രൂപ ധനസഹായവും നൽകിവരുന്നു. 2015-16 വർഷത്തേയ്ക്കായി പാട്ടകൃഷി ചെയ്യുന്ന നെൽകർഷകർക്ക് കൃഷി വകുപ്പിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി അനുവദിച്ചിട്ടില്ല. എന്നാൽ 2011-12,

LIBRARY ARCHIVES Kerala Legislative Assembly